ഉത്തരം.

(എ) 1957 നവംബറിൽ ഈ ജോലി പൂർത്തിയായി.

(ബി) ഉണ്ട്.

(സി) റോഡ് ഗതാഗതസൗകര്യമുള്ളതാക്കുന്നതിനു വേണ്ട നടപടി കളെടുക്കുന്നുണ്ട്.

കക്കടി-ചോലയൂർ റോഡ്.

368. [14] ശ്രീ. ആർ. രാഘവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ, അട്ടപ്പാടിയിൽ കക്കടി-ചോലയൂർ എന്ന ഒരു റോഡ് ഗവണ്മെൻറ് അകപയർ ചെയ്യുവാൻ ഓർഡർ ആക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിൻെറ പ്രവർത്തനം എത്രത്തോളമായി;

(സി) ചില തല്പരകക്ഷികളും ഉദ്യോഗസ്ഥന്മാരെ സ്വാധീനപ്പെടുത്തി അകപീസിഷൻ പ്രൊസീഡിംഗ്സ് നീട്ടിക്കൊണ്ടുപോകുന്നു എന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജനങ്ങൾക്ക് വളരെ ഗുണകരമായ്ക്കേണ്ടതിനു പകരം അകപയർ ചെയ്താൽ തങ്ങൾക്ക് അധികം സംഖ്യ നഷ്ടപരിഹാരമായി കിട്ടുവാനിടയുള്ള, ഇപ്പോൾ നിലവിലുള്ള റോഡിനെ അകപയർ ചെയ്യിപ്പിക്കുവാൻ തല്പരകക്ഷികളും ശ്രമിക്കുന്നു എന്നറിയുന്നതു് വാസ്തവമാണോ;

(ഇ) അതിവാസികൾക്കും മറ്റും വളരെ ഉപകാരപ്രദമായ ഈ റോഡിൻെറ, ഏറെറടുത്തു നടത്തിപ്പിൽ ഗവണ്മെൻറ് ഇത്ര ഉദാസീനത കാണിക്കുന്നതു് എന്തുകൊണ്ടാണെന്നു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) റോഡിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി റോഡിൻെറ പ്ലാൻ ഡിസ്ട്രിക്ട് കളക്ടർക്ക് അയച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വാസ്തവമല്ല.

(ഇ) അതിലേക്ക് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, ആദ്യം ഞങ്ങൾക്ക തന്ന നോട്ടീസ് അനുസരിച്ച് ഈമാസം പതിനാറാംതീയതി വരെ ഈ സംബ്ലി
12 Noon. ഉണ്ടായിരിക്കുമെന്നാണ് കാണുന്നതു്. ഇന്നു നാലാം തീയതി യാണ്. സഭ തുടരുന്നതിനെപ്പറ്റി ലീഡർ ആഫ് ഹൗസിനു് വല്ലതും പറയാനുണ്ടെങ്കിൽ അറിഞ്ഞാൽകൊള്ളാം.

Mr. Speaker: I will consult the Leader of the House about it today itself and let the House know.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, വിദ്യാഭ്യാസബില്ലിൻെറ രൂപത്തിനു് അമെൻഡ്മെൻറ് കൊടുക്കാനുണ്ട്. ഇന്നു മൂന്നു മണിക്കാണു നോട്ടീസു കിട്ടിയതു്.

Mr. Speaker: The rules have been placed on the table fourteen days back.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: വിപ്പുമായി ബന്ധപ്പെട്ട് ഭേദഗതി അവതരിപ്പിക്കേണ്ട അവധി ഉച്ച മൂന്നുമണി വരെയാണെങ്കിലും എത്രയും മെമ്പറന്മാർക്ക് നോട്ടീസ് കിട്ടിയതു് ഇന്നാണു്. അവധി നാളത്തേക്ക് നീട്ടിത്തരണമെന്നു് ബഹുമാനപ്പെട്ട സ്പീക്കറോടു് അഭ്യർത്ഥിക്കുന്നു.

Mr. Speaker: Yes.

LEGISLATIVE BUSINESS

The Kerala Agrarian Relations Bill-(*Contd*)

Mr. Speaker: The Revenue Minister may now move the re-drafted amendment to clause 2 (16).

(The number within brackets shown against the amendments denotes the number in the list of amendments)

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇവിടെ നടന്ന ചർച്ചകളുടെ ഫലമായി ഈ ക്ലോസ് റീ ഡ്രാഫ്റ്റ് ചെയ്യുന്നതു് ഉചിതമായിരിക്കുമെന്നായിരുന്നു ഞാൻ പറഞ്ഞിരുന്നതു്. അതുപ്രകാരം പരിശോധിച്ചു നോക്കിയതിൽ റീ ഡ്രാഫ്റ്റ് ചെയ്യേണ്ട ആവശ്യമില്ല. ഒറ്റി, പണയം, നേർപ്പണയം, കരിപ്പണയം എന്നിങ്ങനെ മലബാറിലാണെങ്കിൽ ഏതെങ്കിലും ഒരു വിധത്തിൽ ഇൻസിഡൻസുണ്ടായാൽ മതിയെന്നും, അല്ലാത്ത സ്ഥലത്തു രണ്ടും ഉണ്ടായിരിക്കണമെന്നും ചർച്ചയിൽ അഭിപ്രായമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി ആവശ്യമാണെന്നു തോന്നിയതുകൊണ്ടു് അതിനൊരു ഭേദഗതി അവതരിപ്പിക്കുകയാണു്.

> In clause 2, sub-clause (16) for the words 'and includes such transfer of interest in specific immovable property' the words "and, in areas in the State other than Malabar, includes such transfer of interest in specific immovable property" shall be substituted.

സർ, ഇതോടൊപ്പം സെക്ഷൻ 6 കൂടി ഈ സഭയുടെ മുമ്പാകെ കൊണ്ടുവരികയാണു്. സെക്ഷൻ 6-ൽ ഇന്നത്തെ നിലയിൽ, ഒരു മാർട്ട്ഗേജാണെന്നു document-ൽ എഴുതിയാലും അതു് കാണം എന്നുള്ള നിലയിൽ ശരിയായിട്ടുള്ള കാണമാണെങ്കിൽ കോടതിയിൽ തെളിയിക്കാനുള്ള അവകാശം കൊടുക്കുന്നുണ്ടു്. ഇതിൽ ഒരു ചെറിയ ഭേദഗതി ചെയ്തു് ഒറ്റി, പണയം, നേർപ്പണയം, കരിപ്പണയം ഇവ അവിടെ ചേർത്താൽ മതി. ഈ സെക്ഷൻ വ്യക്തമാക്കാൻ ഈ ഭേദഗതി മതിയെന്നാണു് എന്റെ അഭിപ്രായം. കൂടാതെ ശ്രീ. സി. എച്ചു്. കണാരന്റെ 83-ാമത്തെ ഭേദഗതിയും, ശ്രീ. പി. എസ്. കാന്തികേയന്റെ 93 ാമത്തെ ഭേദഗതിയും ഞാൻ അംഗീകരിക്കുകയാണു്. എന്നാൽ, ശ്രീ. കാന്തികേയന്റെ ഭേദഗതി താഴെപ്പറയുന്ന പ്രകാരം ഭേദപ്പെടുത്തിയാൽ കൊള്ളാം:

> In clause 2 (16) (c) explanation, line 4 delete the word 'actual" occurring between the words 'been' and 'renewal' and insert between the words 'renewal' and 'it', the following: "or has been payment of renewal fees."

സർ, മിസ്റ്റർ തോമ്മന്റെ ഭേദഗതി അംഗീകരിക്കുന്നില്ല. കാരണം തിരുവിതാംകൂർ-കൊച്ചി പ്രദേശത്തേക്കു് ഒറ്റി, പണയം, നേർപണയം തുടങ്ങി ഏതെങ്കിലും ഒരു ഇൻസിഡൻസു് മതിയെന്ന നിർദ്ദേശം സ്വീകാര്യമല്ല. ഒറ്റി എന്നുള്ളതു് കാണം ആകുകയാണെങ്കിൽ സാധാരണ പാവപ്പെട്ട വസ്തു ഉടമകളുടെ കാര്യം അപകടത്തിലാകും. ഈ ഭേദഗതികളോടുകൂടി ഈ ക്ലോസ്സ് അതുപോലെ നിലനിർത്തണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly